# കേരളസർവകലാശാല

നം.പി.ആർ.49/2021

## പത്രക്കുറിപ്പ്

**ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം - 2020**
**ജനറൽ/മറ്റ് വിഭാഗങ്ങൾക്ക് സ്പോട്ട് അഡ്മിഷൻ - മാർച്ച് 1 ന്**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി/ ഐ.എച്ച്.ആർ.ഡി കോളേജുകളിൽ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കും പുതുതായി അനുവദിച്ച 7 കോഴ്സുകളിലേക്കും ജനറൽ/മറ്റ് സംവരണ/ കമ്മ്യൂണിറ്റി ക്വാട്ട വിഭാഗങ്ങൾക്ക് എസ് എൻ കോളേജ് കൊല്ലത്തു മാർച്ച് 1-ാം തീയതി സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കായംകുളം, എം.എസ് .എം കോളേജിൽ നേരത്തെ പ്രഖ്യാപിക്കപ്പെട്ട പുതിയ പ്രോഗ്രാമായ M.Sc Statistics with specialisation in Data Analytics കോഴ്സിലേക്ക് സ്പോട്ട് അഡ്മിഷൻ ഉണ്ടായിരിക്കുന്നതല്ല.

പുതുതായി അനുവദിച്ച കോഴ്സുകളുടെയും കോളേജുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നമ്പർ | കോളേജ് | കോഴ്സ് | സീറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | എസ് എൻ കോളേജ്, ചെങ്ങന്നൂർ | M.A Economics (Behavioural Economics and Data Science) | 20 |
| 2 | എസ് എൻ കോളേജ്, ചാത്തന്നൂർ | M.Sc Chemistry (Conventional Programme) | 12 |
| 3 | സെന്റ് ജോസഫ് കോളേജ് ഫോർ വുമൺ വുമൺ, ആലപ്പുഴ | M.Sc Chemistry with specialisation in Drug Design and Development | 12 |
| 4 | സെന്റ് ഗ്രിഗോറിയസ് കോളേജ്, കൊട്ടാരക്കര | M.Sc Zoology with specialisation in Biosystematics and Biodiversity | 12 |
| 5 | ശ്രീ സത്യ സായി കോളേജ് , തോന്നയ്ക്കൽ | M.Sc Physics with specialisation in Space Physics | 12 |
| 6 | സെന്റ് സ്റ്റീഫൻസ് കോളേജ്, പത്തനാപുരം | M.Sc Botany with specialisation in Ethno Botany and Ethno Pharmacology | 12 |
| 7 | ബി.ജെ.എം ഗവണ്മെന്റ് കോളേജ്, ചവറ | M.Sc Zoology with specialisation in Biosystematics and Biodiversity | 12 |

വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. രജിസ്ട്രേഷൻ സമയം രാവിലെ 8 മണി മുതൽ 10 മണി വരെയാണ്. മേൽ പറഞ്ഞ സമയത്തിനകം ഹാജരായി രജിസ്റ്റർ ചെയ്തവരിൽ നിന്നും റാങ്ക് പട്ടിക തയ്യാറാക്കി സ്പോട്ട് അലോട്ട്മെന്റ് നടത്തും. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും

ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (**http://admissions.keralauniversity.ac.in**) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയവ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴവൻ വിദ്യാർത്ഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന ഹാളിനുള്ളിലേക്ക് വിദ്യാർത്ഥിയെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളു.

## <u>പരീക്ഷാകേന്ദ്രം</u>

കേരളസർവകലാശാല മാർച്ച് 2 ന് ആരംഭിക്കുന്ന പാർട്ട് ഒന്നും രണ്ടും ബി.എ. ഡിഗ്രി (ആന്വൽ സ്കീം) – ഏപ്രിൽ 2020 ആന്റ് സെപ്റ്റംബർ 2020 (കമ്പൈൻഡ് സെഷൻ) പരീക്ഷയ്ക്ക് നെടുമങ്ങാട് ഗവ.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഹിസ്റ്ററി (2018 അഡ്മിഷൻ മാത്രം) അറബിക്, ഹിന്ദി സാഹിത്യാചാര്യ മെയിൻ വിദ്യാർത്ഥികളും ഓഫ്ലൈൻ സപ്ലിമെന്ററി വിദ്യാർത്ഥികൾ മണക്കാട് നാഷണൽ കോളജിലും ഹിസ്റ്ററി മെയിൻ (2019 അഡ്മിഷൻ മാത്രം) വിദ്യാർത്ഥികൾ നെടുമങ്ങാട് പനവൂരിലെ മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിലും ഹിസ്റ്ററി മെയിൻ (സപ്ലിമെന്ററി – ഓൺലൈൻ), ഇംഗ്ലീഷ്, മലയാളം, ഇക്കണോമിക്സ്, സോഷ്യോളജി മെയിൻ വിദ്യാർത്ഥികൾ വിഴിഞ്ഞം ക്രൈസ്റ്റ് കോളേജിലും പരീക്ഷ എഴുതേണ്ടതാണ്.

തിരുവനന്തപുരം ഗവ.വിമൻസ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച സോഷ്യോളജി, ഹിന്ദി സാഹിത്യാചാര്യ മെയിൻ വിദ്യാർത്ഥികൾ തിരുവനന്തപുരം ആൾ.സെയിന്റ്സ് കോളേജിലും ആൺകുട്ടികൾ തിരുവനന്തപുരം ഗവ.സംസ്കൃത കോളേജിലും ആറ്റിങ്ങൽ ഗവ.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഇംഗ്ലീഷ്, ഹിന്ദി സാഹിത്യാചാര്യ വിദ്യാർത്ഥികൾ വർക്കല എസ്.എൻ.കോളേജിലും, അറബിക്, മലയാളം, ഇക്കണോമിക്സ് മെയിൻ വിദ്യാർത്ഥികൾ കല്ലമ്പലം കെ.ടി.സി.ടി.യിലും പരീക്ഷ എഴുതേണ്ടതാണ്.

ഗവ.ആർട്സ് കോളേജ്, തിരുവനന്തപുരം എം.ജി. കോളേജ് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഓഫ്ലൈൻ വിദ്യാർത്ഥികൾ തുമ്പ സെന്റ്.സേവ്യേഴ്സ് കോളേജിലും ഗവ.ആർട്സ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച സോഷ്യോളജി, ഫിലോസഫി ഓൺലൈൻ വിദ്യാർത്ഥികൾ ഒഴികെയുള്ളവർ വാഴിച്ചൽ ഇമ്മാനുവേൽ കോളേജിലും കാട്ടാക്കട ക്രിസ്റ്റ്യൻ കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ആൺകുട്ടികൾ മാത്രം മാറനല്ലൂർ ക്രൈസ്റ്റ് നഗർ കോളേജിലും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ തോന്നയ്ക്കൽ എ.ജെ.കോളേജിലും നാലാഞ്ചിറ മാർ ഇവാനിയോസ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ചെമ്പഴന്തി എസ്.എൻ.കോളേജിലും തിരുവനന്തപുരം ഗവ.സംസ്കൃത കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഹിസ്റ്ററി മെയിൻ ഓൺലൈൻ, എല്ലാ ഓഫ്ലൈൻ മെയിൻ വിദ്യാർത്ഥികളും ഒഴികെ കാഞ്ഞിരംകുളം കെ.എൻ.എം.സെൽഫ് ഫിനാൻസിംഗ് ആർട്സ് ആന്റ് സയൻസ് കോളേജിലും കാഞ്ഞിരംകുളം കെ.എൻ.എം.ഗവ.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച കാഞ്ഞിരംകുളം കെ.എൻ.എം.സെൽഫ് ഫിനാൻസിംഗ് ആർട്സ് ആന്റ് സയൻസ് കോളേജിലും പരീക്ഷ എഴുതേണ്ടതാണ്.

നിലമേൽ എൻ.എസ്.എസ്.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഹിസ്റ്ററി, മലയാളം മെയിൻ വിദ്യാർത്ഥികൾ ചടയമംഗലം മാർത്തോമ്മാ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലും കൊല്ലം എഫ്.എം.എൻ.കോളേജ് പരീക്ഷാകേന്ദ്രമായി അപേ

ക്ഷിച്ച വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ.കോളേജിലും ആലപ്പുഴ എസ്.ഡി.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച സോഷ്യോളജി - 2019 അഡ്മിഷൻ പെൺകുട്ടികൾ മാത്രം ആലപ്പുഴ സെന്റ്.ജോസഫ്സ് കോളേജ് ഫോർ വിമനിലും ഇംഗ്ലീഷ്, ഹിന്ദി സാഹിത്യാചാര്യ, ഫിലോസഫി മെയിൻ വിദ്യാർത്ഥികളും, സോഷ്യോളജി (ഓൺലൈൻ - സപ്ലിമെന്ററി വിദ്യാർത്ഥികളും) ചേർത്തല എൻ.എസ്.എസ്. കോളേജിലും ഹിസ്റ്ററി, പൊളിറ്റിക്കൽസയൻസ്, അറബിക്, മലയാളം മെയിൻ വിദ്യാർത്ഥികൾ പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജിലും ഇക്കണോമിക്സ് മെയിൻ വിദ്യാർത്ഥികൾ ചേർത്തല എസ്.എൻ. കോളേജിലും സോഷ്യോളജി (2018 അഡ്മിഷൻ, 2019 അഡ്മിഷൻ ആൺകുട്ടികൾ) ഓഫ്ലൈൻ സപ്ലിമെന്ററി വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി.കോളേജിലും പരീക്ഷ എഴുതേണ്ടതാണ്.

നങ്ങ്യാർകുളങ്ങര ടി.കെ.എം.എം. കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ മാവേലിക്കര ബിഷപ്പ് മൂർ കോളേജിലും കായംകുളം എം.എസ്.എം.കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച സോഷ്യോളജി, അറബിക് മെയിൻ വിദ്യാർത്ഥികൾ മാവേലിക്കര ബിഷപ്പ് മൂർ കോളേജിലും ഇംഗ്ലീഷ്, ഇക്കണോമിക്സ് മെയിൻ വിദ്യാർത്ഥികൾ ഹരിപ്പാട് കാർത്തികപ്പള്ളി കോളേജ് ഓഫ് അപ്ലൈഡ് സയൻസസിലും പരീക്ഷ എഴുതേണ്ടതാണ്.

മുകളിൽ പരാമർശിക്കാത്ത വിദ്യാർത്ഥികൾ അവർ അപേക്ഷിച്ച പരീക്ഷാകേന്ദ്രങ്ങളിൽ തന്നെ പരീക്ഷ എഴുതേണ്ടതാണ്. ഓഫ്ലൈൻ വിദ്യാർത്ഥികൾ അവർക്ക് അനുവദിച്ച പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റേണ്ടതാണ്.

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം - 2020

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കായംകുളം, എം.എസ് .എം കോളേജിൽ പുതുതായി അനുവദിച്ച **M.Sc Statistics with specialisation in Data Analytics** കോഴ്സ് റദ്ദ് ചെയ്തിരിക്കുന്നു.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ടൈംടേബിൾ

കേരളസർവകലാശാല മാർച്ച് 9 ന് ആരംഭിക്കുന്ന ബി.എ.അഫ്സൽ-ഉൽ-ഉലാമ പാർട്ട് രണ്ടും, ഒന്നും പരീക്ഷകളുടെ (ആന്വൽ സ്കീം - ഏപ്രിൽ 2020, സെപ്റ്റംബർ 2020 കമ്പൈൻഡ് സെഷൻ) ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. ഗവ.വിമൻസ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ആൾ.സെയിന്റ്സ് കോളേജിൽ പരീക്ഷ എഴുതേണ്ടതാണ്. മറ്റു പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

## വൈവാവോസി

കേരളസർവകലാശാല ഫെബ്രുവരിയിൽ നടത്തുന്ന രണ്ടാം വർഷ എം.എ.മലയാളം മേഴ്സിചാൻസ് (1998 സ്കീം ആന്റ് 2001 സ്കീം) പരീക്ഷയുടെ വൈവാവോസി മാർച്ച് 12 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വിദൂരവിദ്യാഭ്യാസം ഫെബ്രുവരി 27 ന് ക്ലാസില്ല

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗം ഒന്നാം സെമസ്റ്റർ യു.ജി. പ്രോഗ്രാമുകളുടെ ഓൺലൈൻ ക്ലാസുകൾ ഫെബ്രുവരി 27 (ശനിയാഴ്ച) ഉണ്ടായിരിക്കുന്നതല്ല. മറ്റു ദിവസങ്ങളിലെ ക്ലാസുകൾക്ക് മാറ്റമില്ല.

.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം.**

**26.02.2021**

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**E-mail:ku.release@gmail.com**

**website: www.keralauniversity.ac.in**

| **University information is available on 9188526670, 9188526671, 9188526674, 9188526675** |
|---|